**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411** **14-03-2023 - ൽ മറുപടിയ്ക്ക്**

**വ്യത്യസ്ത വകുപ്പുകളെ സംയോജിപ്പിച്ചുള്ള ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റേതായ വികസന സാധ്യത ടൂറിസം രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനായി വ്യത്യസ്ത വകുപ്പുകളെ സംയോജിപ്പിച്ച് പദ്ധതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ടൂറിസം സാധ്യത പരിശോധിച്ച് നിലവിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എക്കോ ടൂറിസം പദ്ധതികളിൽ വനം വകുപ്പ് ; ഡാം, ജല ടൂറിസം പദ്ധതികളിൽ ജല വിഭവം, ഊർജ്ജ വകുപ്പുകൾ; സാംസ്കാരികം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസം, ഗതാഗതം, ദേവസ്വം, ആരോഗ്യം തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് .<br><br>ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ എന്ന ലക്ഷ്യം നേടുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി.<br><br>**ടൂറിസം വികസനത്തിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ്', 'പെപ്പർ', 'മോഡൽ ആർ.ടി വില്ലേജ്' എന്നീ പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പാക്കി വരുന്നത് .** |

| | | | |
|---|---|---|---|
| (ബി) | തീർത്ഥാടന ടൂറിസത്തിന് എന്തൊക്കെ സാധ്യതകളാണ് സംസ്ഥാനത്തുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ചെറുതും വലുതുമായ ഒട്ടനവധി തീർത്ഥാടന കേന്ദ്രങ്ങൾ ഉള്ള സംസ്ഥാനമാണ് നമ്മുടേത് . ഇത്തരം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ തീർത്ഥാടകർക്ക് അത് ഗുണകരമാകുകയും അനേകം തീർത്ഥാടകരെ ആകർഷിക്കുവാൻ ഉതകുകയും ചെയ്യും . സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തീർത്ഥാടന ടൂറിസം നടപ്പിലാക്കുന്നത് . ഇത്തരം തീർത്ഥാടന കേന്ദ്രങ്ങളിൽ അമിനിറ്റി സെന്റർ, നടപ്പാത ഉൾപ്പെടെയുള്ള പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത് . തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ, പ്രസാദ് സ്കീമുകളിലും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, ചേരമാൻ ജുമാ മസ്ജിദ് , പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ